LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറികൾ/പഴങ്ങൾ എന്നിവയിലെ വിഷാംശം

94 (3526) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികൾ, പഴങ്ങൾ എന്നിവയിൽ മാരകമായ അളവിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട് ; ഇവർക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ചുവരുന്നതിനുള്ള കാരണം മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെയും കൃത്രിമ മാർഗത്തിൽ മാരകമായ വിഷം ഉപയോഗിച്ച് പഴുപ്പിക്കുന്ന പഴങ്ങളുടെയും ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തി യിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് വീതം ക്രിമിനൽ കേസുകൾ ഭക്ഷ്യസുരക്ഷാ ഉണനിലവാര നിയമപ്രകാരം ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) അത്തരത്തിലുള്ള പഠനം വകുപ്പ് നടത്തിയിട്ടില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒഴിവുകൾ

95 (3527) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഹോസ്പിറ്റൽ ഗ്രേഡ് I & II നേഴ്സിംഗ് അസിസ്റ്റന്റ്, അതർ അറ്റന്റർ, ജൂനിയർ ലാബ് അസിസ്റ്റന്റ്, X-ray അറ്റന്റർ തസ്തികകളാണ് നിലവിലുള്ളത് ; അവയിൽ ഓരോന്നിനും എത്ര ഒഴിവുകളാണ് നിലവിലുള്ളത് ?